**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 331** **08-08-2023 - ൽ മറുപടിയ്ക്ക്**

**കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സപ്ലൈകോ വഴി നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണെന്ന് അറിയിക്കാമോ; | (എ) | ഏകദേശം 54400 കർഷകർക്കായി **433** കോടി രൂപ നൽകാനുണ്ട്. |
| (ബി) | പ്രസ്തുത കുടിശ്ശിക വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കർഷകർക്ക് നൽകാൻ ശേഷിക്കുന്ന 433 കോടി രൂപയിൽ 31/7/2023ലെ സ.ഉ.(സാധാ)നം.327/2023/ F&CS പ്രകാരം 60 കോടി രൂപയും, 02/08/2023ലെ സ.ഉ.(സാധാ)നം.331/2023/ F&CS പ്രകാരം 120 കോടി രൂപയും ചേർത്ത് 180 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. മിച്ചമുള്ള കുടിശ്ശിക നൽകുന്നതിനായി വായ്പ ലഭിക്കുന്നതിന് വേണ്ടി കേരള ബാങ്കുമായും, എസ്ബിഐ കാനറ ബാങ്ക് ഫെഡറൽബാങ്ക് എന്നിവയുടെ കൺസോർഷ്യവുമായും ചർച്ചകൾ നടത്തി വരുന്നു. |
| (സി) | കുടിശ്ശിക എന്നു മുതൽ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഈ മാസം 8-ാം തീയതി മുതൽ കർഷകരുടെ അക്കൗണ്ടിലേക്ക് ട്രഷറിയിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇടക്കാലാശ്വാസമായി കുടിശ്ശിക കർഷകർക്ക് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | ഇടക്കാലാശ്വാസമായി കുടിശ്ശിക കർഷകർക്ക് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ അനുവദിച്ച 180 കോടി രൂപയിൽ ഒരു പങ്ക് ഇടക്കാലാശ്വാസമായി കർഷകർക്ക് നൽകാൻ 03.08.2023 തീയതിയിൽ ചേർന്ന സർക്കാർതല യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ